(ബി) നായന്മാർ വ, ഈഴവർ ന, റോമൻ സിറിയൻ ഫ, ലത്തീൻ കൃസ്ത്യൻ ഫ, മാത്തോമ ഫ, തമിഴ് ബ്രാഹ്മണർ ഫ, സാരസ്വത ബ്രാഹ്മണൻ ഫ, മറ്റ ഹിന്ദു-വെള്ളാള ഫ.

സാഹിബ് ബഹദൂർ വി. എ. അബ്ദുൽ അസീസ്: ഈ നിയമനങ്ങളിൽ സമുദായ നീതി ഗവണ്മെൻറ് പാലിച്ചിട്ടുണ്ടോ?

ശ്രീ. എ. ജെ. ജോൺ: പബ്ലിക്ക് സർവ്വീസ് കമ്മീഷനാണ് അവരെ നിയമിക്കുന്നത്. സമുദായനീതി പാലിക്കണമെന്നുണ്ട്.

ശ്രീ. കെ. ആർ. ഇലങ്കത്ത്: ഈ ഓരോ പോസ്റ്റിലും സമുദായനീതി പാലിച്ചിട്ടുണ്ടോ?

ശ്രീ. എ. ജെ. ജോൺ: പ്രമോഷൻസിനു് സമുദായപ്രാതിനിധ്യം പാലിക്കുകയില്ല.

ശ്രീ. കണ്ണാറ ഗോപാലപ്പണിക്കർ: ഈ ഫൻ പേരും പ്രമോഷൻ കിട്ടിയിട്ടുള്ളവരാണോ?

ശ്രീ. എ. ജെ. ജോൺ: ഡയറക്ടായിട്ട നിയമിക്കപ്പെട്ടിട്ടുള്ളവരല്ല.

അഞ്ചൽവകുപ്പു സംയോജനം

*ഫ ഫ ൻ വ. (ൻ) സാഹിബ് ബഹദൂർ എ. എം. മുസ്തഫാ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട ചീഫ് മിനിസ്റ്റർ സദയം മറുപടി പറയുമോ.—

(എ) അഞ്ചൽ വകുപ്പു പോസ്റ്റ് ആൻറ് ടെലഗ്രാഫ് ഡിപ്പാർട്ട്മെൻറിൽ സംയോജിപ്പിക്കുവാൻ തീരുമാനിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ എപ്പോൾ മുതൽ;

(സി) അഞ്ചൽനിരക്ക വർദ്ധിപ്പിക്കുവാൻ ആലോചനയുണ്ടോ?

ചീഫ് മിനിസ്റ്റർ (ശ്രീ. സി. കേശവൻ):

(എ) ആൻറ് (ബി) അഞ്ചൽ ഡിപ്പാർട്ട്മെൻറ് ഫൻ ൽ 0 ഏപ്രിൽ ഫാം തീയതി മുതൽ ഇന്ത്യാ ഗവണ്മെൻറ് ഏറ്റെടുത്തുവെങ്കിലും ഈ തിരുവിതാംകൂർ-കൊച്ചി ഗവണ്മെൻറ് ഇൻഡ്യാ ഗവണ്മെൻറിൽനിന്നും ഏറ്റെടുത്ത് ഒരു ഏജൻസി മുഖാന്തിരം നടത്തിവരികയായിരുന്നു. ഈ ഏപ്രിൽ ഫാം തീയതി മുതൽ അതു് ഇൻഡ്യാ ഗവണ്മെൻറ് ഏറ്റെടുത്തു. ഇൻഡ്യാ ഗവണ്മെൻറിന്റെ നേരിട്ട കീഴിലാണ് നടക്കുന്നതു്.

(സി) അഞ്ചൽ കാർഡിന്റെ വിലയും അഞ്ചൽ കവറിന്റെ വിലയും സംബന്ധിച്ചു ഡെപ്യൂട്ടി മിനിസ്റ്റർ ആഫ് കമ്മ്യൂണിക്കേഷൻസ് ഇവിടെ വന്നിരുന്ന അവസരത്തിൽ ഇവിടെവച്ചു ചർച്ച നടത്തി അതിൽ ചില തീരുമാനങ്ങൾ ചെയ്തുപോയിട്ടുണ്ടു്. ആ തീരുമാനങ്ങൾ ഇപ്പോൾ ഇൻഡ്യാ ഗവണ്മെൻറിന്റെ കയ്യിലിരിക്കുകയാണു്. കാർഡിന്റേയും കവറിന്റേയും ഇന്നത്തെ വില അതേപോലെതന്നെ രണ്ടു് കൊല്ലത്തേയ്ക്കെങ്കിലും നിലനിറുത്തിയാൽ കൊള്ളാമായിരുന്നു എന്നു ഗവണ്മെൻറ് അഭിപ്രായപ്പെട്ടിട്ടുണ്ടായിരുന്നു. കാർഡിന്റെ വില രണ്ടു പൈ കൂടി കൂട്ടിയും കവറിന്റെ വില ഒരണ ആക്കിയും ഇൻസ്യാ ഗവണ്മെൻറിന്റെ ഒരു കമ്മ്യൂണിക്കേഷൻ ഈ ഗവണ്മെൻറിനു് കിട്ടിയിട്ടുണ്ടു്. അതു് ഇവിടെ വച്ചു ചെയ്ത തീരുമാനത്തിനു വിരുദ്ധമാണെന്നും ഇവിടെവച്ചു ചെയ്ത തീരുമാനമനുസരിച്ചുതന്നെ റേറ്റു നിശ്ചയിക്കണമെന്നും വളരെ ശക്തിയായി ഗവണ്മെൻറ് ഇൻഡ്യാ ഗവണ്മെൻറിനെ അറിയിച്ചിട്ടുണ്ടു്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. ആർ. ഇലങ്കത്ത്: അഞ്ചൽ ഡിപ്പാർട്ട്മെൻറ് ഇൻഡ്യാ ഗവൺമെൻറ് ഏറെറടുത്തതോടുകൂടി അതിൽനിന്ന് ഏതെങ്കിലും സിൽബന്ധികളെ കുറച്ചിട്ടുണ്ടോ?

ശ്രീ. സി. കേശവൻ: കുറയ്ക്കുകയില്ലെന്നു പറഞ്ഞിട്ടുണ്ട്.

ശ്രീ. കെ. എസ്. ജോസഫ്: അഞ്ചൽ വകുപ്പ് പോസ്റ്റൽ ആൻറ് ടെലഗ്രാഫ് ഡിപ്പാർട്ട്മെൻറുമായി സംയോജിപ്പിച്ച സമയത്ത് പത്തു കൊല്ലത്തേയ്ക്ക് അഞ്ചൽ വകുപ്പ് ഏജൻസിയായിട്ട് നടത്തുവാൻ ഈ ഗവൺമെൻറിന് തരാമെന്ന് പറഞ്ഞിട്ടുണ്ടായിരുന്നില്ലേ?

ശ്രീ. സി. കേശവൻ: ഇല്ല. പത്തു കൊല്ലത്തേയ്ക്ക് എന്നു് ഇല്ലായിരുന്നു.

ശ്രീ. കെ. എസ്സ്. ജോസഫ്: ഏതെങ്കിലും ഒരു കാലനിർണ്ണയം ഉണ്ടായിരുന്നോ?

ശ്രീ. സി. കേശവൻ: ഇല്ല.

ശ്രീ. എ. താണുപിള്ള: അഞ്ചൽ ഡിപ്പാർട്ട്മെൻറിൽ നിന്നു് ഇപ്പോൾ നടത്തിവരുന്ന അഞ്ചൽ സേവിംഗ്സ് ബാങ്കിനെ സംബന്ധിച്ചു് വല്ല വ്യവസ്ഥയും ഇൻഡ്യാ ഗവൺമെൻറുമായി ചെയ്തിട്ടുണ്ടോ?

ശ്രീ. സി. കേശവൻ: അതിനെസംബന്ധിച്ചു് തീരുമാനമായിട്ടില്ല. ആലോചന നടത്തുന്നതേയുള്ളൂ.

ശ്രീ. എ. താണുപിള്ള: ഈ ഗവൺമെൻറ് എന്താണു് പറഞ്ഞിരിക്കുന്നതു്?

നിയമവും, ധനകാര്യവും, റവന്യൂവും വകുപ്പു മന്ത്രി (ശ്രീ. എ. ജെ. ജോൺ): അഞ്ചൽ സേവിംഗ്സ് ബാങ്ക് ഈ ഗവൺമെൻറിനുതന്നെ നടത്തിക്കൊണ്ടുപോയാൽ കൊള്ളാമെന്നാണു് പറഞ്ഞിരിക്കുന്നതു്. ഒരുപക്ഷേ ഇൻഡ്യാ ഗവൺമെൻറ് അതു് ഏറെറടുത്താൽത്തന്നെ സേവിംഗ്സ് ബാങ്ക് അക്കൗണ്ടിലുള്ള തുക ഇൻഡ്യാഗവൺമെൻറിൽനിന്നും ഈ ഗവൺമെൻറിനു കടമായി തന്നതായി വിചാരിക്കണമെന്നും, ഡിപ്പോസിറേറകാർ ആവശ്യപ്പെടുന്ന സംഖ്യ ഇൻഡ്യാ ഗവൺമെൻറ് കൊടുക്കുമെന്നും ഡിപ്പോസിറേറകാക്കു് ഇൻഡ്യാ ഗവൺമെൻറ് കൊടുക്കുന്ന പണമത്രയും ഈ ഗവൺമെൻറ് ഇൻഡ്യാ ഗവൺമെൻറിനു കൊടുക്കണമെന്നുമാണു് പറയുന്നതു്. അതിനെ സംബന്ധിച്ചു് അവസാനതീരുമാനമൊന്നുമായിട്ടില്ല.

ശ്രീ. പി. കുഞ്ഞുകൃഷ്ണൻ: അഞ്ചൽ ജീവനക്കാരുടെ ശമ്പളം പോസ്റ്റൽ ജീവനക്കാരുടെ ശമ്പളത്തോടൊപ്പം ക്രമീകരിക്കണമെന്നു് തീരുമാനിച്ചിട്ടുണ്ടോ?

ശ്രീ. എ. ജെ. ജോൺ: ശമ്പളം ക്രമീകരിക്കുന്നതിനു നിശ്ചയിച്ചിട്ടുണ്ടു്.

സാഹിബ് ബഹദൂർ കെ. എ. മഹമ്മദ്: പഴയ അഞ്ചൽ സേവിംഗ്സ് രൂൾ അനുസരിച്ചാണോ ഈ സേവിംഗ്സ് ബാങ്ക് ഇനിയും നടത്തുവാൻ പോകുന്നതു്?

ശ്രീ. എ. ജെ. ജോൺ: ഈ ഗവൺമെൻറുതന്നെയാണു് അതു് നടത്തിക്കൊണ്ടുപോകുന്നതെങ്കിൽ പഴയ റൂൾസ് അനുസരിച്ചുതന്നെയായിരിക്കും സേവിംഗ്സ് ബാങ്ക് നടത്തുക. ഇൻഡ്യാ ഗവൺമെൻറ് ഏറെറടുത്തു നടത്തുകയാണെങ്കിൽ പോസ്റ്റൽ സേവിംഗ്സ് ബാങ്ക് റൂൾസ് അനുസരിച്ചായിരിക്കണമെന്നു് ഈ ഗവൺമെൻറ് ഇൻഡ്യാ ഗവൺമെൻറിലേയ്ക്കു് എഴുതിഅയച്ചിട്ടുണ്ടു്. അതിനെ സംബന്ധിച്ചു് അവസാനതീരുമാനം ഇതേവരേയും ചെയ്തിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly

Sri. D. Gnanasigamoni: Have the Government an idea of the amount of deposits in the Anchal Savings Bank?

ശ്രീ. എ. ജെ. ജോൺ: അഞ്ചൽ സേവിംഗ്സ് ബാങ്കിലെ ഡിപ്പോസിറ്റ് എമൗണ്ട് ബഡ്ജറ്റിൽതന്നെയുണ്ട്.

ശ്രീ. എ. താണുപിള്ള: ആകപ്പാടെയുള്ള റണ്ണിംഗ് അക്കൗണ്ട് അനുസരിച്ച് സേവിംഗ്സ് ബാങ്ക് എമൗണ്ട് ഇൻഡ്യാ ഗവണ്മെൻറ് എടുത്തുകഴിഞ്ഞാൽ, ഇൻഡ്യാ ഗവണ്മെൻറിന്റെ കയ്യിൽ അതായത് കാലത്തിരിക്കുന്ന സംഖ്യയിൽനിന്ന് ഡിപ്പോസിറ്റുകാക്ക് കൊടുത്താൽ, ആ തുക ഈ ഗവണ്മെൻറ് ഇൻഡ്യാ ഗവണ്മെൻറിനു കൊടുക്കണമെന്നാണോ പറയുന്നത്?

ശ്രീ. എ. ജെ. ജോൺ: ഇൻഡ്യാ ഗവണ്മെൻറ് അതിന്റെ ഭാരം മുഴുവൻ ഏറ്റെടുക്കുകയാണെങ്കിൽ ഡിപ്പോസിറ്റുകാർ പത്തോ പതിനഞ്ചോ ലക്ഷം രൂപാ ആവശ്യപ്പെട്ടാലും അതു് ഇൻഡ്യാ ഗവണ്മെൻറ് കൊടുക്കും. ആ തുക തിരുവിതാംകൂർ–കൊച്ചി ഗവണ്മെൻറ് ഇൻഡ്യാഗവണ്മെൻറിനു കൊടുക്കണം.

ശ്രീ. എ. താണുപിള്ള: ഇൻഡ്യാ ഗവണ്മെൻറിനെ ഏല്പിക്കുന്ന തുകയിൽ കൂടുതൽ സംഖ്യ ഇൻഡ്യാ ഗവണ്മെൻറ് കൊടുക്കുകയാണെങ്കിൽ ആ സംഖ്യ ഇൻഡ്യാ ഗവണ്മെറിനു കൊടുക്കണമെന്നാണോ?

ശ്രീ. എ. ജെ. ജോൺ: ഇൻഡ്യാ ഗവണ്മെൻറിനു പണമൊന്നും കൊടുക്കുന്നില്ല. അതിന്റെ ഉത്തരവാദിത്വംമാത്രമേ ഇൻഡ്യാ ഗവണ്മെൻറ് ഏറ്റെടുക്കുന്നുള്ളൂ. എന്നാൽ അതിന്റെ അറേഞ്ച്മെൻറ് അനുസരിച്ച് ഈ സംഖ്യ ഇൻഡ്യാ ഗവണ്മെൻറിനു കൊടുക്കേണ്ടതായി കണക്കാക്കണം. ഡിപ്പോസിറ്റുകാർ ആവശ്യപ്പെടുന്ന തുക ഇൻഡ്യാ ഗവണ്മെൻറ് കൊടുത്താൽ ആ തുക ഈ ഗവണ്മെൻറ് ഇൻഡ്യാഗവണ്മെൻറിനു കൊടുക്കണം.

Sri. P. S. Nataraja Pillai: Am I to understand that in future withdrawals will be met by the Travancore-Cochin Government and the deposits will be credited to the Central Government?

Sri. A. J. John: In effect, it will be so.

ശ്രീ. പി. ചാക്കോ: അഞ്ചൽ ജീവനക്കാരുടെ ശമ്പളം ഇപ്പോൾ ഉള്ളതിൽ കുറയ്ക്കുകയില്ല എന്ന വ്യവസ്ഥയുണ്ടായിട്ടുണ്ടോ?

ശ്രീ. എ. ജെ. ജോൺ: ഇപ്പോൾ ഉള്ളതിൽ കുറയ്ക്കുകയില്ല എന്നല്ല കൂട്ടുകയും ചെയ്യും.

ശ്രീ. എ. കെ. പാച്ചുപിള്ള: അഞ്ചൽ ഡിപ്പാർട്ട്മെൻറിൽനിന്ന് ആരെയെങ്കിലും പിരിച്ചുവിട്ടിട്ടുണ്ടോ?

ശ്രീ. എ. ജെ. ജോൺ: അതു് ഇപ്പോൾ പറയാൻ നിവൃത്തിയില്ല.

ഭവന നിർമ്മാണം

* ൧൯൯ (൧൦) സാഹിബ് ബഹദൂർ എ. എം. മുസ്തഫാ: താഴെ കാണുന്ന ചോദ്യത്തിനു ബഹുമാനപ്പെട്ട ധനകാര്യവകുപ്പു മന്ത്രി സദയം മറുപടി പറയുമോ?

ഭവനനിർമ്മാണപദ്ധതി അനുസരിച്ചു ൧൯൪൦–ൽ എത്ര ഭവനങ്ങൾ എവിടെയെല്ലാം നിർമ്മിച്ചിട്ടുണ്ട്? അതിൽ എത്രയെണ്ണത്തിൽ ആരംപാർപ്പു തുടങ്ങി?

വിദ്യാഭ്യാസവും ഭക്ഷ്യവും തൊഴിലും വകുപ്പുമന്ത്രി (ശ്രീ. ടി. കെ. നാരായണപിള്ള): ൧൫൧ ഭവനങ്ങൾ. കന്യാകുമാരി ൧൭; കൊല്ലം ൧൦; ആലപ്പുഴ ൨൪; തേവര ൨൪; ഇരിങ്ങാലക്കുട ൨൪; തിരുവനന്തപുരം ൩൦; പുനലൂർ ൧൫; കുമരകം ൧൦; ആലുവാ ൨൪. തി

LIBRARY ARCHIVES Kerala Legislative Assembly